**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **28.10.2019-ൽ മറുപടിക്ക്**

**നമ്പർ.68**

**<u>സിവിൽ സർവ്വീസ്</u>**

**ചോദ്യം** **ഉത്തരം**

**ശ്രീ. എസ്.രാജേന്ദ്രൻ** **പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ അവരുടെ പരിഗണനയിൽ വരുന്ന വിഷയങ്ങളിൽ എടുത്തിട്ടുള്ള നിലപാടുകൾ മാധ്യമങ്ങളുമായി പങ്കുവയ്ക്കുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ; | (എ) യും (ബി) യും (സി) യും | All India Service (Conduct ) Rules, 1968-ലെ ചട്ടം 6 പ്രകാരം ഉത്തമ വിശ്വാസത്തോടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി മാധ്യമങ്ങളിൽ പ്രസ്താവന നടത്താൻ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ All India Service (Conduct ) Rules, 1968-ലെ ചട്ടം 7 പ്രകാരം സർക്കാരിന്റെ നയപരമായ കാര്യങ്ങളെ വിമർശിച്ചുകൊണ്ട് മാധ്യമങ്ങളിൽ പ്രസ്താവന നടത്താൻ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് അനുമതിയില്ല. |
| (ബി) | ഇത്തരത്തിലുള്ള വിവരങ്ങൾ മാധ്യമങ്ങളുമായി പങ്കുവയ്ക്കുന്നതിന് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ഏതെങ്കിലും വിധത്തിലുള്ള അനുമതി ആവശ്യമുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഏതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | മേൽ സൂചിപ്പിച്ച വിധത്തിൽ മാധ്യമങ്ങളുമായി വിവരം പങ്കുവയ്ക്കുന്നതിന് അനുമതി ആവശ്യമുള്ള പക്ഷം സബ് കളക്ടർ ഉൾപ്പെടെയുള്ള വിവിധ ഉദ്യോഗസ്ഥർ പ്രമുഖ മാധ്യമങ്ങൾക്ക് നൽകിയ ഇന്റർവ്യൂവിന് അത്തരത്തിലുള്ള അനുമതി നേടിയിരുന്നോ എന്ന് വിശദമാക്കാമോ; | | |
| (ഡി) | അനുമതി നേടാത്ത ഉദ്യോഗസ്ഥർക്കെതിരെ നിലവിൽ കേസുകൾ ഉണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**